സ്വകാര്യ മോട്ടോർ വ്യവസായ മേഖല നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ

*2 [603] ശ്രീ. ബിനോയ് വിശ്വം :
,, പി. എസ്. സുപാൽ:
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വ്യവസായ പുനഃസംഘടനയ്ക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മോട്ടോർ വ്യവസായ മേഖല നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ,

(എ) മോട്ടോർ വാഹനങ്ങളും ഗതാഗതവുമായി ബന്ധപ്പെട്ട മേഖല ഒരു വ്യവസായമായി ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ വ്യവസായമെന്ന രീതിയിൽ പുനഃസംഘടനയെന്ന കാര്യം പരിഗണനയിലില്ല.

(ബി) സ്വകാര്യ മേഖലയിൽ ഓടുന്ന ബസ്സുകൾ, ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള കരാർ വാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് അവയുമായി ബന്ധപ്പെട്ട സംഘടനകളിൽ നിന്ന് അവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രധാനമായും അവരുടെ ആവശ്യം യാത്രാക്കൂലി, നികുതികൾ മുതലായവയാണ്. നിവേദനങ്ങൾ പരിഗണിച്ച് ആവശ്യമായി വന്ന സന്ദർഭങ്ങളിൽ യാത്രക്കൂലിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും വികലാംഗർക്കും മറ്റും നൽകിവരുന്ന യാത്രാക്കൂലിയിലുള്ള ഇളവിനെപ്പറ്റിയും ബസ്സുടമകൾ പരാതികൾ ഉന്നയിച്ചിട്ടുണ്ട്. ഇത്തരം നിവേദനങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി അങ്ങേയറ്റം നിരാശയുണ്ടാക്കുന്നതാണ്. 10 ലക്ഷം പേർ പണിയെടുക്കുന്ന ഈ രംഗത്തെ ഗൗരവമായി കാണുന്നില്ല. എത്രമാത്രം ആളുകളാണ് ജീവിതമാർഗ്ഗമായി ഈ രംഗത്തെ കാണുന്നത്! ഗൾഫിൽ നിന്ന് മടങ്ങിവരുന്ന ആയിരക്കണക്കിന് ആളുകളാണ് ഒരു ബസ് എടുത്തു ജീവിക്കാൻ പാടുപെടുന്നത്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഒരുപാടുപേർ ഓട്ടോറിക്ഷ ഓടിക്കുന്നു, ട്രക്കർ ഓടിക്കുന്നു, ലോറി ഓടിക്കുന്നു. ഈ വ്യവസായത്തെ വയബിൾ യൂണിറ്റായിട്ട് പുനഃസംഘടിപ്പിക്കാനാണ് പുമതലാബോധമുള്ള ഒരു ഗവൺമെന്റ് ശ്രമിക്കേണ്ടത്. എന്നിരിക്കെ നമ്മുടെ ഗവൺമെന്റ് ആ വഴിക്ക് നീങ്ങാനുള്ള വൈമനസ്യമാണ് കാണിക്കുന്നത്. ഈ വൈമനസ്യം മാറ്റാൻ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങ് പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. പക്ഷെ ഒരു വ്യവസായമെന്നുള്ള നിലയ്ക്ക് മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ട്. പാർലമെന്റിന് നിയമനിർമ്മാണത്തിന് അധികാരമുള്ള കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയമാണ് ഇത്. മോട്ടോർ വെഹിക്കിൾ ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥയനുസരിച്ച് മാത്രമേ ഈ സ്ഥാപനം മുന്നോട്ട് കൊണ്ട് പോകാൻ കഴിയൂ. ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ഞാൻ ശ്രദ്ധയിൽപ്പെടുത്താം. പെർമിറ്റുകൾ പുതിയതായി കൊടുക്കരുത് എന്നുള്ളതാണ്. ഇന്നുള്ള സ്റ്റേജ് കാര്യേജ് അതായത് സർവ്വീസ് ബസ് ഓപ്പറേറ്റർമാരുടെ പ്രധാനപ്പെട്ട ആവശ്യം. ഇത് നമ്മൾ വിചാരിച്ചാൽ നടക്കുകയില്ല. ഞാൻ കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞതുപോലെ മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളതും ടാക്സ് അടച്ചതുമായ ഏതു വണ്ടിയും ദേശവൽകൃതമല്ലാത്ത മേഖലകളിൽ അപേക്ഷിച്ചാൽ പെർമിറ്റ് കൊടുത്തുകൊള്ളണമെന്നുള്ളതാണ് നിയമം. ഈ ഗവൺമെന്റിന് ഇത് വ്യവസായമാക്കാൻ പറ്റുകയില്ല. നിയമത്തിൽ 'shall be given' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് മാറ്റണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഞാൻ തന്നെ കഴിഞ്ഞ പ്രാവശ്യം ഇതിന്റെ ചുമതല വഹിച്ച സമയത്ത് കേന്ദ്രത്തിൽ വളരെ ശക്തമായി ആവശ്യപ്പെട്ടു. പക്ഷെ അവർ അതിന് വഴങ്ങുന്നില്ല. വടക്കേ ഇൻഡ്യയിലെ സാഹചര്യങ്ങൾ വച്ചുകൊണ്ട് വഴങ്ങുന്നില്ല. അങ്ങ് ഇവിടെ പല കാര്യങ്ങളും പറയുകയുണ്ടായി. ഏതായാലും ഇത് വ്യവസായമായി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾത്തന്നെ അവരുടെ ആവശ്യമെന്നു പറയുന്നത് വികലാംഗർ, വിദ്യാർത്ഥികൾ എന്നിവർക്കും മറ്റ് സാമൂഹികമായി ഗവൺമെന്റ് നടപ്പിലാക്കേണ്ട ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിച്ചിരിക്കുന്ന സൗജന്യ പാസ്സുകൾ എന്നിവ റദ്ദു ചെയ്യുക എന്നുള്ളതാണ്. ഇത് ഒരു വ്യവസായമായി അംഗീകരിക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. ഡീസലിന്റെയും പെട്രോളിന്റെയും വില കുറഞ്ഞപ്പോഴും ചാർജ്ജ് വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഓട്ടോറിക്ഷക്കാരുടെ ആവശ്യം. അത് അംഗീകരിക്കാൻ കഴിയുമോയെന്ന് ബഹുമാനപ്പെട്ട അംഗം അടക്കമുള്ള ആളുകൾ ആലോചിക്കണം. വ്യവസായമായി അംഗീകരിക്കുമ്പോൾ ആ വ്യവസായത്തിന് നമ്മുടെ നിയന്ത്രണം ഉണ്ടായിരിക്കണമെന്നുള്ള പ്രശ്നമുണ്ട്. അതിന് കഴിയാത്ത നിയമങ്ങളും പ്രശ്നങ്ങളുമാണ് ഇവിടെ ഉള്ളത്. ഇത് വ്യവസായമായി കാണാൻ പല പ്രാവശ്യം ആലോചിച്ചിട്ടും കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം: സർ, മോട്ടോർ വ്യവസായത്തിലെ പ്രശ്നം നമുക്ക് എല്ലാവർക്കുമറിയാം. കേരളമാകെ അത് സ്തംഭിച്ചിരിക്കുകയാണ്. ഇത് ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുന്നു. ഡീസൽ കിട്ടുന്നില്ല. പെട്രോൾ കിട്ടുന്നില്ല. പച്ചക്കറി വരുന്നില്ല. പലവ്യഞ്ജനം വരുന്നില്ല. ജീവിതം വഴിമുട്ടി നിൽക്കുകയാണ്. 16,200 കിലോ വെയ്റ്റുള്ള ഒരു ലോറിക്ക് തമിഴ്നാട്ടിൽ 2,875 രൂപയാണ് ത്രൈമാസ നികുതി കർണ്ണാടകത്തിലെ നികുതി 2,705 രൂപയാണ്. കേരളത്തിലേയ്ക്ക് വരുമ്പോഴും നികുതി 4,950 രൂപയാണ്. അത് ഭീകരമായ കൊള്ളയാണ്. വ്യവസായത്തെ മുന്നോട്ട് കൊണ്ടു പോകാൻ സമ്മതിക്കാത്ത ഒരു നിലപാടാണിത്. അതിനെ ചോദ്യം ചെയ്തുകൊണ്ടാണ് പണിമുടക്ക് ഉണ്ടായിരിക്കുന്നത്. ആ പണിമുടക്കിനുവേണ്ടി കരിനിയമങ്ങളും കൽത്തുറുങ്കുകളുമല്ല വേണ്ടത്. ചർച്ചകൾ വേണം പ്രശ്നങ്ങൾ തീർക്കണം. സ്തംഭനാവസ്ഥ അവസാനിപ്പിക്കാൻ ഗവൺമെന്റ് എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യണം.

അതുകൊണ്ട് അടിയന്തിരമായിട്ട് ഈ പ്രശ്നങ്ങളിൽ ന്യായമായ തീരുമാനം കൈക്കൊണ്ടുകൊണ്ട് ഈ സ്തംഭനം തീർക്കാൻ ഗവൺമെന്റിന് കഴിയുമോ?

മി. സ്പീക്കർ: ഹൈക്കോടതി പറഞ്ഞിട്ടുപോലും അവർ സമരം ചെയ്യുകയല്ലേ?

ശ്രീ. ബിനോയ് വിശ്വം: സമരം കുറ്റമല്ല സമരം കേരളത്തിൽ വേണ്ടിവരും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള): ഇപ്പോൾ ലോറി ഓപ്പറേറ്റേഴ്സ് ആണ് സമരം ചെയ്യുന്നത്. ഹൈക്കോടതി പറഞ്ഞതനുസരിച്ച് അവരിൽ നിന്നും 25% ടാക്സ് മാത്രമേ ഈടാക്കുന്നുള്ളൂ. ഈടാക്കാത്ത ടാക്സിനുവേണ്ടിയാണ് ഇപ്പോൾ സമരം നടത്തുന്നത്. ഹൈക്കോടതി പറഞ്ഞതനുസരിച്ച് 50% എന്നുള്ളത് ഇപ്പോൾ 25% ടാക്സ് മാത്രമേ ഈടാക്കുന്നുള്ളൂ. അത് കോടതിയുടെ മുമ്പിലിരിക്കുകയാണ്. കോടതിയുടെ മുമ്പിലിരിക്കുന്ന കാര്യത്തിനപ്പുറത്തേക്ക് പോകാനുള്ള അവകാശം ഗവൺമെന്റിനില്ല എന്ന് എല്ലാവർക്കുമറിയാം. ഇത് വളരെ സൗമനസ്യത്തോടുകൂടി പരിഹരിക്കാൻ ശ്രമിക്കും. ഇന്നു തന്നെ 10 മണിക്ക് അവരുമായിട്ട് ചർച്ച വച്ചിട്ടുണ്ട്. ഇന്നലെ സംഘടനകളുമായി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നെ വിളിച്ചു പറഞ്ഞിട്ടുണ്ട്. ഇതിൽ ഗവൺമെന്റിന് പിടിവാശിയൊന്നുമില്ല. പക്ഷെ അങ്ങ് ഒന്ന് ആലോചിക്കണം. എല്ലാ കാലത്തും ലോറിയുടെ ടാക്സ്, അങ്ങയുടെ കക്ഷി ഭരിക്കുമ്പോഴും, തമിഴ്നാട്ടിലുള്ളതിനെക്കാളും കർണ്ണാടകയിലുള്ളതിനെക്കാളും കൂടുതലായിരുന്നു. അത് കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. ചെലവുകൾ കൂടുതലായതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം അന്വേഷിച്ച് പോകുമ്പോൾ സ്വാഭാവികമായും എത്തിക്കേണ്ട മേഖലയിൽ എത്തിച്ചേ കഴിയുകയുള്ളൂ. അതാണ് അതിന്റെ ബുദ്ധിമുട്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പിടിവാശിയൊന്നുമില്ല. പിന്നെ കരിനിയമത്തിന്റെ കാര്യം, കരി നിയമം ഉപയോഗിച്ചിട്ടില്ല. ഡീസൽ ഇല്ലാതെ പിന്നെ എങ്ങിനെയാണ് പച്ചക്കറി വരുന്നത്? ലക്ഷക്കണക്കിന് ഓട്ടോത്തൊഴിലാളികൾ പട്ടിണി കിടക്കുന്ന മുതലാളിമാരുടെ സംഘടനയുടെ പേരിൽ സമരം നടക്കുന്നത് ശരിയാണോ? ഓട്ടോക്കാരും ടൂ വീലേഴ്സും ഈ രാജ്യത്തെ സാധാരണക്കാരാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പട്ടിണിയാകാതിരിക്കാൻ വേണ്ടി പെട്രോൾ വിതരണം മുടക്കാതിരിക്കാൻ വേണ്ടി ടാങ്കർ ലോറികൾ പിടിച്ച് പമ്പുകളിൽ പെട്രോൾ എത്തിക്കാനാണ് ശ്രമിക്കുന്നത്. അത് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ വേണ്ടിയാണ്. ആ കാര്യം നമ്മൾ മറക്കരുത്. ഈ രാജ്യത്തെ തൊഴിലാളികളെ പട്ടിണിക്കിടാതിരിക്കാൻ വേണ്ടി ഗവൺമെന്റ് ടാങ്കർ ലോറികൾ പിടിച്ചെടുത്ത് പെട്രോളും ഡീസലും എത്തിക്കാനുള്ള ശ്രമം മാത്രമേ നടത്തുന്നുള്ളൂ.

ശ്രീ. എം. കുമാരൻ: സർ, ഈ സംസ്ഥാനത്ത് ഇപ്പോൾ ലോറി സമരം മൂലം പ്രതിദിനം ഏകദേശം 680 മുതൽ 700 കോടി രൂപ വരെ സാമ്പത്തിക നഷ്ടമുണ്ട്. എന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാമ്പത്തിക നഷ്ടം പരിഹരിക്കാനും അവശ്യ സാധനങ്ങളുടെ ദൗർലഭ്യംമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വാഹന ഉടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് വർദ്ധിപ്പിച്ച ഇൻഷ്വറൻസ് പിൻവലിക്കാനും ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനികളുമായി ഗവൺമെന്റ് ചർച്ച നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇൻഷ്വറൻസ് കമ്പനികളുടെ കാര്യം തീരുമാനിക്കുന്നത് അവരാണ്. ഹൈക്കോടതിയിൽ ധാരാളം കേസുകൾ വന്നിട്ടുണ്ട്. അവിടെ നിർബന്ധം ചെലുത്തിയതനുസരിച്ച് ഇൻഷ്വറൻസിന്റെ പ്രീമിയം അല്പം കുറച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ഇൻഷ്വറൻസ് പ്രീമിയം ഉള്ള രാജ്യമാണ് ഇൻഡ്യ. അദ്ദേഹം ചോദിച്ചത് ഇൻഷ്വറൻസിനെക്കുറിച്ചാണ്. ടാക്സിനെക്കുറിച്ചല്ല. ഇൻഷ്വറൻസ് പ്രീമിയവും ഇതുമായിട്ട് ബന്ധമില്ല. അവർ കുറെ കുറച്ചിട്ടുണ്ട്. എങ്കിലും ഏറ്റവും കൂടുതൽ ഇൻഷ്വറൻസ് പ്രീമിയം ഉള്ള സംസ്ഥാനമാണ് കേരളം. അപകടങ്ങൾ കൂടുതലുണ്ട് എന്നാണ് അവർ കാരണം പറയുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇൻഷ്വറൻസ് കമ്പനിയിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയിരിക്കുകയാണ്.

ശ്രീ. എം. കുമാരൻ: കേരളത്തിലാകെ പുതിയ റോഡുകളും പുതിയ വാസകേന്ദ്രങ്ങളും ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ യാത്രാ ആവശ്യങ്ങൾ വർദ്ധിക്കുകയാണ്. ജീപ്പുകളും ഓട്ടോറിക്ഷകളും ഉൾപ്പെടെയുള്ള വാഹനങ്ങൾ കൂടുതലും റോഡിൽ ഇറങ്ങുന്നുണ്ട്. ഇവയെല്ലാം പരിഗണിച്ച് മോട്ടോർ രംഗത്തെ ഫലപ്രദമായി പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിക്കുമോ?

മിസ്റ്റർ സ്പീക്കർ: ഈ ചോദ്യം ഇതുമായി ബന്ധമുള്ളതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മോട്ടോർ വ്യവസായ രംഗത്ത് സ്വകാര്യ മേഖലയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ നയം പ്രഖ്യാപിച്ചു; തൊഴിൽ നയം പ്രഖ്യാപിച്ചു; മത്സ്യനയം പ്രഖ്യാപിച്ചു; കൃഷി നയം പ്രഖ്യാപിച്ചു. പക്ഷെ ഗതാഗത വകുപ്പിന് ഒരു ഗതാഗതനയം ഇതുവരെ പ്രഖ്യാപിച്ചില്ല. യാത്രക്കാരുടെ സുരക്ഷിതത്വം, ജീവനക്കാരുടെ ജോലിസ്ഥിരത ഇതെല്ലാം ലക്ഷ്യമാക്കിക്കൊണ്ട് ഈ ഗവൺമെന്റ് ഒരു ഗതാഗതനയം പ്രഖ്യാപിക്കുന്നതിനു വേണ്ടി ഒരു പുതിയ നയം തയ്യാറാക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഗതാഗതനയം മോട്ടോർ വാഹനത്തെ സംബന്ധിച്ചിടത്തോളം പ്രഖ്യാപിക്കുന്നതിൽ നിയമപരമായ തടസ്സങ്ങൾ ഉണ്ട്. പക്ഷെ അങ്ങ് പറഞ്ഞ ചില കാര്യങ്ങളിൽ നമുക്ക് ഒരു നയം ഉണ്ട്. തൊഴിലാളികളുടെ കാര്യങ്ങളിലും മറ്റു കാര്യങ്ങളിലും ഉണ്ട്. ഇൻഡ്യയിൽ ഏറ്റവും ഭേദപ്പെട്ട നയമാണ് നമ്മൾ സ്വീകരിച്ചിരിക്കുന്നത്. ഇത് വ്യാവസായികമാക്കാൻ കഴിയില്ല. കഴിയുന്നെങ്കിൽ കൊടുക്കുന്നതിൽ കുഴപ്പമില്ല. നമ്മുടെ അധികാരത്തിലും പരിധിയിലും മാത്രം ഒതുങ്ങുന്നതല്ല. 95%വും സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്നതും കൺകറന്റ് ലിസ്റ്റിൽപ്പെട്ടതും കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽപ്പെട്ടതുമായ ഒരു നിയമത്തിന്റെയടിസ്ഥാനത്തിൽ നിൽക്കുന്നതാണ്. കേരളത്തിന് സ്വന്തമായി ഇക്കാര്യത്തിൽ ഒരു നയം പ്രഖ്യാപിക്കാൻ ബുദ്ധിമുട്ടുണ്ട്. അതേയുള്ളൂ; ഗവൺമെന്റിന് ഇതിൽ എതിർപ്പ് ഉണ്ടായിട്ടല്ല.

ശ്രീ. വി. ബാലറാം: സർ, സ്വകാര്യ മോട്ടോർ മേഖലയിലെ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾപോലെതന്നെ സ്വകാര്യ മോട്ടോർ വ്യവസായംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കൂടി പരിഹരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്നതിന് കാരണം സ്വകാര്യ

മേഖലയിലുള്ള ബസുകളും ലോറികളും അമിതവേഗത്തിൽ ഓടിക്കുന്നതാണ്. അതു പോലെ 50 ഓളം ആളുകളെ കയറ്റാവുന്ന ബസ്സുകളിൽ 100 ആളുകളെ കയറ്റുന്നു. അതുപോലെ തന്നെ പത്തും നാൽപ്പതും വർഷം പഴക്കമുള്ള ബസ്സുകൾ, ബ്രേക്കി ല്ലാത്ത ബസ്സുകൾ ഇങ്ങനെ ഒരുപാട് പരാതികൾ ഉണ്ട്. അതുപോലെതന്നെ ഓട്ടോ റിക്ഷ ഓടിക്കുന്നവരിൽ ലൈസൻസ് ഇല്ലാത്ത ഡ്രൈവർമാർ ഉണ്ട്. ഇവയെല്ലാം നിയന്ത്രിക്കുന്നതിനുവേണ്ടി ഇതിനകത്ത് സർക്കാരിന്റെ ഭാഗത്തു നിന്നും ശ്രദ്ധയുണ്ടാ കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇക്കാര്യം ഞാൻ പറയാം സന്തോഷമായിട്ട് പറയുകയല്ല. രണ്ടു മൂന്നു ദിവസമായിട്ട് നമ്മുടെ സംസ്ഥാനത്ത് പണിമുടക്ക് നടക്കു കയാണ് കഴിഞ്ഞ മൂന്ന് ദിവസമായിട്ട് റോഡപകടം റിപ്പോർട്ട് ചെയ്തിട്ടില്ല. അങ്ങനെ ഒരു സംഭവം കേരളത്തിൽ ഉണ്ടായത് കഴിഞ്ഞ കാലങ്ങളിൽ ആദ്യമായാണ്. അതായത് വാഹനങ്ങളുടെ അമിത വേഗത. കോടതി പറഞ്ഞതനുസരിച്ച് സെപ്റ്റംബർ1 മുതൽ സ്പീഡ് ഗവേർണർ വയ്ക്കാൻ പോവുകയാണ്. ഒരു സമരം ഡൽഹിയിൽ നടന്നപ്പോൾ 10 ദിവസം ബഹളം ഉണ്ടാക്കി. ഇനിയിപ്പോൾ അടുത്ത സമരം പത്രത്തിൽ വന്നു കഴിഞ്ഞു. കേരള ഹൈക്കോടതി പറയുകയും സമയം നിശ്ചയിക്കുകയും ചെയ്ത സ്പീഡ് ഗവേർണർ വയ്ക്കുമ്പോൾ അതിനും സമരം വരും. ആ സ്പീഡ് ഗവേർണർ വച്ചില്ലെങ്കിൽ അനേകം ജീവൻ അപകടത്തിൽപ്പെടും. അത് ബുദ്ധിമുട്ടാണ്. ഇതിനകത്ത് ഒരു പാട് പ്രശ്നങ്ങൾ ഉണ്ട്. പ്രൈവറ്റ് ബസുകൾ വൈകീട്ട് 7 മണി കഴിഞ്ഞാൽ ഓടുകയില്ല. ഉച്ചക്ക് ഒരു മണി കഴിഞ്ഞാൽ പ്രൈവറ്റ് ബസ്സുകൾ ഓടുകയില്ല. നടപടിയെടുത്താൽ രാഷ്ട്രീയമായ സമ്മർദ്ദവും മറ്റു കാര്യങ്ങളും വരും. ഉടനെ സമരം ബഹളം ഒക്കെ ഉണ്ടാകും. അങ്ങനെയുള്ള കാര്യങ്ങ ളൊക്കെയുണ്ട്. എല്ലാവരുംകൂടി സഹകരിച്ചാൽ നമുക്ക് ഈ കാര്യത്തിൽ കുറെക്കൂടി മെച്ചമായ ഒരു ധാരണ ഉണ്ടാക്കാൻ കഴിയും.

ശ്രീ. ടി. കെ. ദേവകുമാർ: സർ, മോട്ടോർ വ്യവസായ രംഗത്ത് കുറച്ച് സഹകരണ സംഘങ്ങൾ ഉണ്ട്. അങ്ങ് അസംബ്ലി കമ്മിറ്റിയുടെ ചെയർമാനായിരുന്നപ്പോൾ ഒരു ശുപാർശ കൊടുത്തത് നിലവിലുണ്ട്. അവരെ ഒന്ന് സഹായിക്കാൻ അങ്ങ് അസംബ്ലി കമ്മിറ്റി ചെയർമാനായിരുന്നപ്പോൾ കൊടുത്ത ആ ശുപാർശ നടപ്പിലാക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മി. ദേവകുമാർ പറഞ്ഞതിൽ വളരെ കാര്യമുണ്ട്. ഗവൺമെന്റ് ഇത് പരിഗണിക്കേണ്ട കാര്യമാണ്. യഥാർത്ഥമായ കെ. സി. റ്റി പോലെയുള്ള സഹകരണ സംഘങ്ങൾ, അതുപോലെ ചേർത്തലയിലെ ചന്ദ്രപ്പന്റെ ബസിൽ ഉണ്ടായി ട്ടുള്ളത് ഇതൊക്കെയാണ്. ചിലതൊക്കെ വ്യക്തികളാണ് നടത്തുന്നത്. അങ്ങനെയുള്ള സഹകരണ സംഘങ്ങളുടെ കാര്യം പരിഗണിക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. തീർച്ചയായും ഈ കാര്യങ്ങൾ പരിഗണിക്കാൻ ശ്രമിക്കും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly